പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *120 — 03/12/2015 ൽ മറുപടിയ്ക്ക്

## രണ്ടാം ഘട്ട പാഠപുസ്തക വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ക്രിസ്തുമസ് പരീക്ഷയ്ക്ക് ദിവസങ്ങൾ മാത്രം ശേഷിക്കേ രണ്ടാം വാല്യം പാഠപുസ്തക വിതരണത്തിൽ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (എ) | ഇൻഡന്റ് ചെയ്ത രണ്ടാംഘട്ട പാഠപുസ്തകങ്ങൾ മുഴുവനും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | സമയത്ത് 'ഇൻഡന്റ്' നൽകുന്നതിൽ വന്ന വീഴ്ചയും നേരത്തെ ആവശ്യപ്പെട്ട പുസ്തകങ്ങളുടെ എണ്ണം തിരുത്തി പല സ്കൂളുകൾക്കും നൽകിയതുമാണ് കാലതാമസത്തിന് കാരണമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : ഇതിന് ഉത്തരവാദി ആയവരുടെ പേരിൽ നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്, നടപടി സ്വീകരിച്ചു വരുന്നു. |
| സി) | ഒന്നാംഘട്ട പാഠപുസ്തകം നല്കുന്നതിൽ വന്ന കാലതാമസത്തിൽ നടപടി എടുത്തിരുന്നെങ്കിൽ രണ്ടാംഘട്ട പാഠപുസ്തകം സമയത്ത് നൽകുവാൻ കഴിയുമായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഒന്നാംഘട്ട പാഠപുസ്തകങ്ങളുടെ വിതരണത്തിൽ വന്ന കാലതാമസം പരിഗണിച്ചുകൊണ്ട് രണ്ടാംഘട്ട പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ലഭിച്ചതു പ്രകാരമുള്ള വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ഡി | എട്ടാം ക്ലാസിലേയ്ക്കുള്ള പാഠപുസ്തകം പൂർണ്ണമായി നൽകി തീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | യഥാസമയം കെ.ബി.പി.എസിൽ ലഭ്യമായ ഇൻഡന്റ് പ്രകാരം പാഠപുസ്തകങ്ങൾ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ഏതെങ്കിലും സ്കൂളുകൾക്ക് എട്ടാം ക്ലാസ് പാഠപുസ്തകങ്ങൾ ഇനിയും ആവശ്യമുണ്ടെങ്കിൽ അവയുടെ ഇൻഡന്റ് 2015 ഡിസംബർ 7-ാം തീയതിയ്ക്കുള്ളിൽ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ